## എസ്ബിഐ ലൈഫ് - സരൾ സ്വധൻ+ എന്തുകൊണ്ട്?

നിങ്ങൾ ഭാവിയെ കുറിച്ച് സ്വപ്നങ്ങൾ കാണുമ്പോൾ അതിനെ സാക്ഷാത്കരിക്കാൻ വെറും ഒരു പ്ലാൻ പോരാ അതിനെ ശാക്തീകരിക്കുന്ന ഒരു പദ്ധതി ആവശ്യമാണ്. ഇപ്പോൾ എസ്ബിഐ ലൈഫ് - സരൾ സ്വധൻ+ വഴി ഇവ രണ്ടും നേടാൻ നിങ്ങൾക്കു സാധിക്കും. കാരണം ഇത് ഇൻഷുറൻസ് പരിരക്ഷയിലൂടെ നിങ്ങളുടെ കുടുംബത്തെ സുരക്ഷിതമാക്കുമ്പോൾ തന്നെ പ്രീമിയം തിരികെ നൽകുന്നതു വഴി ഒരു മികച്ച ജീവിതത്തിനായി നിങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു. **എസ്ബിഐ ലൈഫ് - സരൾ സ്വധൻ+**, പ്രീമിയം തിരികെ നൽകുന്ന സവിശേഷതയോടു കൂടിയ ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ്, സേവിംഗ്സ് പ്രൊഡക്റ്റ് വഴി ഇപ്പോൾ നിങ്ങൾക്കു നേടാം പോളിസി കാലാവധി മുഴുവനും ഒരു നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ. കൂടാതെ, ഇൻ-ഫോഴ്സ്, പെയ്ഡ്-അപ്പ് പോളിസികൾക്ക് ഒരു ഗ്യാരണ്ടീഡ് മെച്യൂരിറ്റിയുടെ# അധിക പ്രയോജനവും.

#കുറഞ്ഞത് 2 തുടർച്ചയായ പോളിസി വർഷങ്ങളിൽ പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ മെച്യൂരിറ്റി ബെനിഫിറ്റ് ലഭിക്കുന്നതാണ്.

## മുഖ്യ സവിശേഷതകൾ

- **താങ്ങാവുന്ന ചെലവിൽ സംരക്ഷണം :** അടയ്ക്കേണ്ട പ്രീമിയം തെരഞ്ഞെടുക്കുക, അതനുസരിച്ച് താങ്കളുടെ പ്രവേശന സമയത്തെ പ്രായവും തെരഞ്ഞെടുത്ത പോളിസി കാലാവധിയും ആസ്പദമാക്കി താങ്കളുടെ ഇൻഷൂറൻസ് പരിരക്ഷ കണക്കാക്കും.
- **പണത്തിന് മൂല്യം :** 10 വർഷ, 15 വർഷ പോളിസികൾക്ക് യഥാക്രമം അടച്ചിട്ടുള്ള ആകെ പ്രീമിയങ്ങളുടെ^ 100%വും 115%വും ഗ്യാരണ്ടീഡ് മെച്യൂരിറ്റി ബെനിഫിറ്റായി നൽകുന്നു.
- **എളുപ്പത്തിൽ ചേരാം :** സുഗമമായ അഭ്യർത്ഥനാപത്രത്തെ ആസ്പദമാക്കിയുള്ള പ്രവേശനം.


^അടച്ചിട്ടുള്ള ആകെ പ്രീമിയങ്ങളെന്നാൽ ലഭിച്ചിട്ടുള്ള ആകെ പ്രീമിയങ്ങളാണ്, എക്സ്ട്രാ പ്രീമിയവും ബാധകമായിട്ടുള്ള നികുതികളും കൂടാതെ.

## വിശദീകരണം


25 വയസ്സുള്ള ശ്രീ. കുമാർ തന്റെ കുടുംബത്തിനു സുരക്ഷ നൽകുന്നതിനു വേണ്ടി ഒരു പ്രൊട്ടക്ഷൻ പ്ലാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം 15 വർഷ പോളിസി കാലാവധിയും 10 വർഷ പ്രീമിയം അടയ്ക്കൽ കാലാവധിയും ₹2,000 വാർഷിക പ്രീമിയവും ₹1,90,000 സം അഷ്വേർഡുമുള്ള **എസ്ബിഐ ലൈഫ് - സരൾ സ്വധൻ+** വാങ്ങുന്നു. **സരൾ സ്വധൻ+** ന് അയാളുടെ കുടുംബത്തെ സംരക്ഷിക്കുവാൻ എങ്ങനെ സഹായിക്കാൻ കഴിയുമെന്നു നമുക്കു നോക്കാം.

PY = പോളിസി വർഷം ↓ = വാർഷിക പ്രീമിയം

**മെച്യൂരിറ്റി ബെനിഫിറ്റ് : പോളിസി കാലാവധിയുടെ അന്ത്യത്തിൽ ശ്രീ. കുമാർ ജീവിച്ചിരിക്കുന്നു**




**ഡെത്ത് ബെനിഫിറ്റ്: അടയ്ക്കേണ്ട പ്രീമിയങ്ങൾ അടച്ചതിനു ശേഷം നിർഭാഗ്യവശാൽ ശ്രീ. കുമാർ മരിക്കുകയാണെങ്കിൽ**



## പ്ലാനിന്റെ യോഗ്യത

<table>
<tr><td>പ്രവേശന സമയത്തെ പ്രായം^</td><td colspan="2">കുറഞ്ഞത് : 18 വർഷം</td><td>കൂടിയത് : 55 വർഷം</td></tr>
<tr><td>മെച്ച്യൂരിറ്റിയിലെ പരമാവധി പ്രായം^</td><td colspan="2">POS, CSC ചാനൽക്കായി : 65 വയസ്</td><td>മറ്റ് ചാനലുകൾക്കായി : 70 വയസ്</td></tr>
<tr><td>പോളിസി കാലാവധി</td><td colspan="3">റെഗുലർ പ്രീമിയം : 10 വർഷം, ലിമിറ്റഡ് പ്രീമിയം : 15 വർഷം</td></tr>
<tr><td rowspan="10">ബേസിക് സം അഷ്വേർഡ്</td><td colspan="2">കുറഞ്ഞത് : ₹30,000</td><td>കൂടിയത് : ₹4,75,000<br>ബോർഡ് അംഗീകരിച്ച അണ്ടർറൈറ്റിംഗ് പോളിസി അനുസരിച്ച്</td></tr>
<tr><td colspan="3">പ്രവേശന പ്രായത്തെയും പോളിസി കാലാവധിയെയും ആശ്രയിച്ച് അടച്ച വാർഷിക പ്രീമിയത്തിന്റെ ഗുണനങ്ങളായി ബേസിക് സം അഷ്വേർഡ് നിർവചിച്ചിരിക്കുന്നു</td></tr>
<tr><td colspan="3">സം അഷ്വേർഡ് മൾട്ടിപ്ലയർ</td></tr>
<tr><td>പ്രവേശന സമയത്തെ പ്രായം^</td><td>പോളിസി കാലാവധി 10 വർഷം</td><td>പോളിസി കാലാവധി 15 വർഷം</td></tr>
<tr><td>18-30</td><td>80</td><td>95</td></tr>
<tr><td>31-35</td><td>65</td><td>70</td></tr>
<tr><td>36-40</td><td>50</td><td>55</td></tr>
<tr><td>41-45</td><td>35</td><td>40</td></tr>
<tr><td>46-50</td><td>25</td><td>30</td></tr>
<tr><td>51-55</td><td>20</td><td>20</td></tr>
<tr><td>പ്രീമിയം അടവ് കാലാവധി</td><td colspan="3">റെഗുലർ പ്രീമിയം : പോളിസി കാലാവധിക്കു തുല്യം<br>ലിമിറ്റഡ് പ്രീമിയം : 10 വർഷം</td></tr>
<tr><td>മച്ചൂരിറ്റി ആനുകൂല്യം*</td><td colspan="3">തെരഞ്ഞെടുത്ത പോളിസി കാലാവധിയുടെ സമാപനം വരെ ജീവിച്ചിരുന്നാൽ താഴെക്കൊടുത്ത മച്ചൂരിറ്റി ആനുകൂല്യം താങ്കൾക്ക് നൽകപ്പെടും :<br>• പോളിസി കാലാവധി 10 വർഷം : മൊത്തം അടച്ച പ്രീമിയങ്ങളുടെ 100%<br>• പോളിസി കാലാവധി 15 വർഷം : മൊത്തം അടച്ച പ്രീമിയങ്ങളുടെ 115%</td></tr>
<tr><td>പ്രീമിയം ഫ്രീക്വൻസി</td><td colspan="3">വാർഷികം</td></tr>
<tr><td rowspan="2">പ്രീമിയം തുകകൾ<br>(₹500ന്റെ ഗുണിതങ്ങളിൽ അനുവദിക്കുന്നു)</td><td colspan="2">കുറഞ്ഞത് : ₹1,500</td><td>കൂടിയത് : ₹5,000</td></tr>
<tr><td colspan="3">സമയാ സമയങ്ങളിൽ കേന്ദ്ര ഗവണ്മെന്റ്/സംസ്ഥാന ഗവണ്മെന്റ്/കേന്ദ്രഭരണ പ്രദേശങ്ങൾ ഉത്തരവിട്ടിട്ടുള്ള നിലവിലുള്ള നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതികൾ ഒപ്പം/അല്ലെങ്കിൽ പ്രീമിയത്തിൽ/ചാർജ്ജുകളിൽ ഈടാക്കുന്ന മറ്റേതെങ്കിലും നിയമപരമായ ലെവി/ഡ്യൂട്ടി/സർചാർജ്ജ് (ബാധകമാകുന്ന മുറയ്ക്ക്) മുതലായവ ഞങ്ങൾ വഹിക്കുന്നതാണ്.</td></tr>
</table>

^എല്ലാ പ്രായം നിർണ്ണയിക്കലും കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

*അടച്ചിട്ടുള്ള ആകെ പ്രീമിയങ്ങളെന്നാൽ ലഭിച്ചിട്ടുള്ള ആകെ പ്രീമിയങ്ങളാണ്, എക്സ്ട്രാ പ്രീമിയവും ബാധകമായിട്ടുള്ള നികുതികളും കൂടാതെ.

## റിബേറ്റ് നിരോധനം

**ഇൻഷൂറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

a) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷൂറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷൂററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.

b) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാദ്ധ്യസ്ഥനാകും.

**Toll-free No.:** 1800 267 9090 |SMS ‘**LIBERATE**’ to 56161 | **Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)

എസ്ബിഐഐ ലൈഫ് - സരൾ സ്വധൻ+, പ്രീമിയം തിരികെ നൽകുന്ന ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ്, സേവിംഗ്സ് പ്രൊഡക്റ്റ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

നഷ്ടസാധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു വിൽപന നിശ്ചയിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷൂറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN : L99999MH2000PLC129113.
NW/1J/ver1/01/22/SP/MAL